പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

15/03/2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3696

## ശബരിമല സന്നിധാനത്തെ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല സന്നിധാനത്തെ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് പ്രവർത്തന സജ്ജമാണോ; | (എ) | ശബരിമല സന്നിധാനത്തെ മാലിന്യ നിർമ്മർജ്ജന പ്ലാന്റ് പ്രവർത്തന സജ്ജമാണ്. |
| (ബി) | പ്ലാന്റിന്റെ നിർമാണം നിക്ഷിപ്തമായിരുന്നത് ആരിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്ലാന്റിന്റെ നിർമ്മാണം ഹൈദ്രാബാദിലെ രാംകി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന കമ്പനിക്കാണ് നൽകിയിട്ടുള്ളത്. |
| (സി) | സന്നിധാനത്തെ മാലിന്യ നിർമ്മാർജ്ജനം പൂർണ്ണമായും നടപ്പിലാക്കാൻ പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമാകുന്നതോടെ കഴിയുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) | സന്നിധാനത്തെ മാലിന്യ നിർമ്മാർജ്ജനം പൂർണ്ണമായും നടപ്പിലാക്കുവാൻ പ്രസ്തുത പ്ലാന്റിന്റെ ഉപയോഗം കൊണ്ട് മാത്രം കഴിയുകയില്ല. ഖര മാലിന്യ നിർമ്മാർജ്ജനത്തിനായി ബയോ മെത്തനേഷ്യൻ (ബയോഗ്യാസ്) പ്ലാന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. ബയോ ഗ്യാസ് പ്ലാന്റ് കൂടി പ്രവർത്തനം ആരംഭിക്കുന്നതോടെ മാലിന്യ നിർമ്മാർജ്ജനം പൂർണ്ണമായും നടപ്പിലാക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ